II ഇ.ബി. XIV - കേരള നിയമസഭ/XVI-7

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 നവംബർ 06, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

16 (*211) വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, കേരളത്തിലെ വന്യജീവി സങ്കേതങ്ങളിലെ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സഭയെ അറിയിച്ചു. വനവൽക്കരണത്തിനായുള്ള എൻ.പി.വി.(നെറ്റ് പ്രസന്റ് വാല്യൂ)-യിൽ സംസ്ഥാനത്തിന് ലഭിക്കുന്ന

വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത തുക കൂട്ടി നൽകണമെന്ന് കേന്ദ്ര വനം വകുപ്പുമന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് സ്വാഭാവിക വനത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കുന്നതാണെന്നും മുറിച്ച് മാറ്റപ്പെടുന്ന തേക്ക് മരങ്ങൾ ഇ-ലേലം വഴി വിറ്റ് സർക്കാരിന് മുതൽക്കൂട്ടുന്നതാണെന്നും വനഭൂമിയിൽകൂടി കടന്നുപോകുന്ന ഹിൽ ഹൈവേ, ആദിവാസി കോളനികളിലേയ്ക്കുള്ള റോഡുകൾ എന്നിവയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾക്ക് അതാത് ഡിവിഷനുകൾ നിയമാനുസൃത അപേക്ഷ നൽകിയാൽ അനുമതി നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

17 (*212) ഇൻഷുറൻസ് മെഡിക്കൽ സർവീസ് ശാക്തീകരിക്കാൻ നടപടി

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ പരിധിയിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം സംബന്ധിച്ച് ലഭിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനെ ശാക്തീകരിക്കാൻ വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതിനായി ഓരോ ഇ.എസ്.ഐ. ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി

വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ദിവസം മുതൽ തൊഴിലാളികൾക്കും ആശ്രിതർക്കും എംപാനൽ ചെയ്ത ആശുപത്രികളിൽ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സെൽ രൂപീകരിക്കാൻ അനുമതി നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്തെ 9 ഇ.എസ്.ഐ. ആശുപത്രികളിലും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി യൂണിറ്റുകൾ സ്ഥാപിക്കുകയും ഫാർമസി ഔട്ട്ലെറ്റുകൾ പ്രവർത്തനമാരംഭിക്കുകയും പത്തു ജില്ലകളിലായി 14 നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് (NCD) ക്ലിനിക്കുകളും പേരൂർക്കട, ഫറോക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുകയും 4 ഇ.എസ്.ഐ. ആശുപത്രികളിൽ 'ഫുള്ളി ഓട്ടോമേറ്റഡ് ബയോ കെമിസ്ട്രി അനലൈസറുകൾ' സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. എറണാകുളം ഇ.എസ്.ഐ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെടാത്ത മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽനിന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ടെന്നും റേറ്റ് കോൺട്രാക്ടിലുൾപ്പെട്ട 103 ഇനം അവശ്യ മരുന്നുകൾ യഥാസമയം ലഭ്യമാകാത്തതുമൂലം അവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ്, നീതി മെഡിക്കൽ സ്റ്റോർ മുതലായ

സ്ഥാപനങ്ങളിൽനിന്ന് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ടെന്നും കാൻസർ, കിഡ്നി സംബന്ധമായ രോഗികൾക്ക് സ്പെഷ്യൽ ഇന്റന്റ് സ്വീകരിച്ച് റേറ്റ് കോൺട്രാക്ട്, ക്വട്ടേഷൻ എന്നിവ മുഖേന മരുന്ന് വിതരണം ചെയ്യുന്നതു കൂടാതെ സ്പെഷ്യൽ ഇന്റന്റുവഴി ഇംപ്ലാന്റുകൾ, അപ്ലയൻസുകൾ എന്നിവയും വിതരണം ചെയ്യുന്നുണ്ടെന്നും മന്ത്രി അറിയിച്ചു. 2019-20 വർഷത്തെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനിൽ ഇ.എസ്.ഐ ആശുപത്രികളിൽ ഐ.സി.യു.-വും മുളങ്കുന്നത്തുകാവ് ഇ.എസ്.ഐ. ആശുപത്രിയിൽ 5 ഡയാലിസിസ് യൂണിറ്റും ഒളരിക്കര ഇ.എസ്.ഐ ആശുപത്രിയിൽ കീമോതെറാപ്പി യൂണിറ്റും സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. തോട്ടട ഇ.എസ്.ഐ. ആശുപത്രിയെ സൂപ്പർ സ്പെഷ്യാലിറ്റിയായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണെന്നും ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലുള്ള ഒഴിവുകളിൽ നിയമനം ത്വരിതപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. ഇ.എസ്.ഐ. വിഹിതം വെട്ടിക്കുറച്ചതുമൂലം സംസ്ഥാനത്തിനുണ്ടായ പ്രതിസന്ധി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രി കെട്ടിടം പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പാരിപ്പള്ളി മെഡിക്കൽ കോളേജിൽ പ്രവേശിക്കപ്പെടുന്ന ഇ.എസ്.ഐ. അംഗങ്ങളായ രോഗികൾക്ക് എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ടെന്നും ഇ.എസ്.ഐ. ആശുപത്രികളിൽ ഓങ്കോളജി ഡിപ്പാർട്ടുമെന്റ് ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടെന്നും അടിയന്തര ഘട്ടങ്ങളിൽ ചികിത്സാ ചെലവ് റീ-ഇംബേഴ്സ് ചെയ്യുകിട്ടുന്നില്ലെന്ന പരാതി ലഭിച്ചാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി. 2020-21-ൽ പീലിംഗ് തൊഴിലാളികളെ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി ഇ.എസ്.ഐ. ആനുകൂല്യം നൽകുന്നതാണെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി അറിയിച്ചു.

18 (*213)<u>നദികളിലെ മലിനീകരണം സംബന്ധിച്ച ഹരിത ട്രൈബ്യൂണൽ വിധി</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മലിനീകരണം നേരിടുന്നതായി കണ്ടെത്തിയ 21 നദീഭാഗങ്ങളിൽ ഒന്നായ കരമന നദീഭാഗത്തിന്റെ കർമ്മ പദ്ധതി ദേശീയ ഹരിത ട്രൈബ്യൂണൽ അംഗീകരിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും സഭയെ അറിയിച്ചു. ഇതിനായുള്ള ആക്ഷൻ പ്ലാനുകൾ തയ്യാറാക്കാൻ ജില്ലാ സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. നദികളും ജലസ്രോതസ്സുകളും

മാലിന്യമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടെന്നും പൊതു ജലസ്രോതസ്സുകൾ ശുചീകരിച്ച് സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 356 കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്നും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പാലങ്ങളിൽ കമ്പിവേലി സ്ഥാപിച്ചുവരുന്നുണ്ടെന്നും 2018-ലെ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് പ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കുള്ള ശിക്ഷ കർശനമാക്കിയിട്ടുണ്ടെന്നും കല്ലായിപ്പുഴ മാലിന്യമുക്തമാക്കുന്നതിനായി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2618 മുതൽ 2925 വരെയുള്ള ചോദ്യങ്ങളിൽ 169 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)